"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - Scheme for Special Assistance to States for Capital Investment 2024-25 ൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് നിർമ്മാണത്തിനായി തിരഞ്ഞെടുത്ത കോഴിക്കോട് ജില്ലയിലെ ഈങ്ങാപ്പുഴ വില്ലേജിന് നൽകിയിരുന്ന ഭരണാനുമതി തിരുവമ്പാടി വില്ലേജിന് മാറ്റി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.673/2025/RD തീയതി,തിരുവനന്തപുരം, 20-03-2025

---

പരാമർശം:-
1. 24.01.2025 തീയതിയിലെ സ.ഉ.(സാധാ)നം.204/2025/റവ നമ്പർ സർക്കാർ ഉത്തരവ്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 12.03.2025 തീയതിയിലെ എൽആർ/12273/2024-എൽആർ(എം2) നമ്പർ കത്ത്.

**ഉത്തരവ്**

Scheme for Special Assistance to States for Capital Investment 2024-25-ൽ ഉൾപ്പെടുത്തി പരാമർശം 1 പ്രകാരം സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി 62 വില്ലേജ് ഓഫീസുകളെ തിരഞ്ഞെടുത്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത വില്ലേജ് ഓഫീസുകളിൽ കോഴിക്കോട് ജില്ലയിലെ ഈങ്ങാപ്പുഴ വില്ലേജ് ഓഫീസും ഉൾപ്പെട്ടിട്ടുള്ളതാണ്.

2] കോഴിക്കോട് ജില്ലയിലെ ഈങ്ങാപ്പുഴ വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിനരികിലുള്ള NH-766 ആറ് വരിയാക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ നിലവിലുള്ളതിനാൽ ടി വില്ലേജിന്റെ ആകെയുള്ള 5 സെന്റ് സ്ഥലത്തിന്റെ 2 മീറ്ററോളം ഭൂമി നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വില്ലേജിന് നൽകിയ ഭരണാനുമതി തിരുവമ്പാടി വില്ലേജിന് മാറ്റി നൽകണമെന്ന് പരാമർശം 2 പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. Scheme for Special Assistance to States for Capital Investment 2024-25 ൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് നിർമ്മാണത്തിനായി തിരഞ്ഞെടുത്തിരുന്ന കോഴിക്കോട് ജില്ലയിലെ ഈങ്ങാപ്പുഴ വില്ലേജ് ഓഫീസിന് നൽകിയിരുന്ന ഭരണാനുമതി അതേ ജില്ലയിലെ തന്നെ തിരുവമ്പാടി വില്ലേജിന് മാറ്റി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

4] മേൽ ഭേദഗതിയോടെ പരാമർശം 1-ലെ സർക്കാരുത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V.R
സെക്ഷൻ ഓഫീസർ
Date: 20-03-2025 11:57:47